19-02-2022

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-19/02/2022

1. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി കൃഷിവകുപ്പ് സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തി ജനകീയ ക്യാമ്പയിൻ നടപ്പിലാക്കുന്നു. **'ഞങ്ങളും കൃഷിയിലേക്ക്'** എന്ന പേരിൽ നടപ്പാക്കുന്ന ഈ ജനകീയ ക്യാമ്പയിനു വേണ്ടി ലോഗോ തെരഞ്ഞെടുക്കുന്നതിനായി വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും എൻട്രികൾ ക്ഷണിക്കുന്നു. പി എൻ ജി (.png) ഫോർമാറ്റിൽ തയ്യാറാക്കിയ ലോഗോ ഈ മാസം 25-ന് (25 /02 /2022 ന്) മൂന്ന് മണിക്ക് മുൻപായി ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ fiblogo@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ അയച്ചുതരേണ്ടതാണ്. പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും മെയിലിൽ രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് **0471-2318186** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. തെരഞ്ഞെടുക്കുന്ന ലോഗോയ്ക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്.

2. **സർവ്വരോഗ കീട സംഹാരി** എന്ന പേരിലും **നവീന ജൈവകൃഷി സൂക്തം** എന്ന പേരിലും കർഷകരുടെ ഇടയിൽ ഹോമിയോ മരുന്നുകൾ ചില സ്വകാര്യ വ്യക്തികളും ഏജൻസികളും പ്രചരിപ്പിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് കേരള കാർഷിക സർവ്വകലാശാല കർഷകർക്ക് മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. കാർഷിക വിളകളിലെ ഹോമിയോ പരിചരണം സംബന്ധിച്ച സോഷ്യൽ മീഡിയ പ്രചരണങ്ങളും സജീവമാണ്. ഇവരുടെ വ്യാജ പ്രചരണങ്ങളിൽ വഞ്ചിതരാകരുതെന്നും കർഷകർ ജാഗ്രത പാലിക്കണമെന്നും കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. കൃഷിയിൽ ഹോമിയോ മരുന്നുകളുടെ ഉപയോഗം ഭാരതീയ കാർഷിക ഗവേഷണ കൗൺസിലോ കേരള കാർഷിക സർവ്വകലാശാലയോ അംഗീകരിക്കുകയോ ശുപാർശ ചെയ്യുകയോ ചെയ്യപ്പെട്ടിട്ടില്ലാത്തതാകുന്നു. ഹോമിയോ മരുന്നുകൾ വിളകളിൽ ഉൽപാദന വർദ്ധനവ് ഉണ്ടാക്കുമെന്നും വരൾച്ചയെ പ്രതിരോധിക്കുമെന്നും ഉള്ള വ്യാജ വാർത്തകളും ഇതിന്റെ പ്രോക്താക്കൾ പ്രചരിപ്പിക്കുന്നുണ്ട്. കർഷകർ സർവ്വകലാശാലയുടെ പാക്കേജ് ഓഫ് പ്രാക്ടീസ് പ്രകാരമുള്ള സസ്യ സംരക്ഷണ മാർഗ്ഗങ്ങൾ ഉപയോഗിക്കണമെന്നും അധികൃതർ അറിയിച്ചു.

3. ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം 2021-2022 ൽ ഡിജിറ്റൽ വീഡിയോ മത്സരത്തിന് (ടി.വി.ചാനൽ വിഭാഗം) എൻട്രികൾ ക്ഷണിക്കുന്നു. പ്രൊഫഷണൽ വിഭാഗത്തിൽ കേരളത്തിലെ അംഗീകൃത ടി.വി.ചാനലുകളിൽ, 2020 - 2021 ൽ ജൈവകൃഷി എന്ന ആശയം ഉൾക്കൊണ്ട് സംപ്രേഷണം ചെയ്ത വീഡിയോയുടെ സംവിധായകരാണ് ഇതിനായി അപേക്ഷിക്കേണ്ടത്. സംപ്രേക്ഷണം ചെയ്ത ചാനലിന്റെ ലോഗോയും, വാട്ടർമാർക്കും, വീഡിയോയിൽ ഉണ്ടായിരിക്കണം, പ്രസ്തുത വീഡിയോ, സംപ്രേഷണം ചെയ്ത ദിവസവും ചാനലിൽ സംപ്രേഷണം ചെയ്തു എന്ന് ചാനൽ മേധാവിയുടെ സർട്ടിഫിക്കറ്റും ഹാജരാക്കണം. കേരളത്തിനുള്ളിലുള്ള ലൊക്കേഷൻ ആയിരിക്കണം. ഒന്നാം സമ്മാനം 25,000/- രൂപയും, രണ്ടാം സമ്മാനം 20,000/- രൂപയും, മൂന്നാം സമ്മാനം 15,000/- രൂപയുമാണ്. **എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 26** വരെ നീട്ടിയിരിക്കുന്നു. എൻട്രികൾ **എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 695003** എന്ന വിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് വഴി നേരിട്ടോ അല്ലെങ്കിൽ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ അയയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 - 2314358, 9383470289** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കോഴിവസന്തയ്ക്കും, താറാവ് വസന്തയ്ക്കും എതിരെയുള്ള പ്രതിരോധ കുത്തിവയ്പ് തീവ്രയജ്ഞം **(അസ്കാഡ് വാക്സിനേഷൻ) മാർച്ച്** 17 വരെ നടത്തുന്നു. സംസ്ഥാനത്തെ എല്ലാ മൃഗാശുപത്രികളും മുഖാന്തിരം സൗജന്യമായി പ്രതിരോധ കുത്തിവയ്പ് നടത്തുന്നതാണ്. 36 ദിവസം പൂർത്തിയായ കോഴികളേയും താറാവുകളേയും പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

5. കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധനസംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിയുടെ ഓൺലൈൻ അപേക്ഷകൾ www.sfackerala.org എന്ന വെബ്സൈറ്റ് വഴി സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് www.sfackerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **1800-425-1661** എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

6. കുറ്റിച്ചൽ പഞ്ചായത്ത് നടപ്പിലാക്കുന്ന **ആട് വളർത്തൽ, കന്നുകുട്ടി പരിപാലനം, മുട്ടക്കോഴി വിതരണം, ധാതുലവണമിശ്രിതം** എന്നീ പദ്ധതികൾക്ക് ഗുണഭോക്തൃ ലിസ്റ്റിൽ പേരുള്ള ഗുണഭോക്താക്കൾ ബന്ധപ്പെട്ട രേഖകളുമായി ഈ മാസം 25-ന് (ഫെബ്രുവരി 25) മുമ്പായി കുറ്റിച്ചൽ മൃഗാശുപത്രിയിൽ അപേക്ഷ നൽകണമെന്ന് കുറ്റിച്ചൽ മൃഗാശുപത്രി വെറ്ററിനറി സർജൻ അറിയിച്ചു.

**പരിശീലന പരിപാടികൾ**

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠനകേന്ദ്രം വഴി **തേനീച്ച വളർത്തൽ** എന്ന വിഷയത്തിൽ മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് ആരംഭിക്കുന്നു. ഈ മാസം 21-ന് (ഫെബ്രുവരി 21) ആരംഭിക്കുന്ന കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഈ മാസം 20 (ഫെബ്രുവരി 20) ആണ്. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ **9497353389, 7559070461** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

8. കൃഷി വിജ്ഞാന കേന്ദ്രം പെരുവണ്ണാമുഴിയിൽ വച്ച് ഈ മാസം 21 മുതൽ 23 വരെ (21/02/2022 മുതൽ 23/02/2022 വരെ) **ശാസ്ത്രീയ കറവപ്പശു പരിപാലനം** എന്ന വിഷയത്തിൽ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം രാവിലെ 9.30 ന് പെരുവണ്ണാമുഴി കൃഷി വിജ്ഞാന കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446890889, 0496-2966041** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലനകേന്ദ്രത്തിൽ ഈ മാസം 21, 22 തീയതികളിൽ **ആട് വളർത്തലിൽ** ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0479 – 2457778** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം